"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — ചേളന്നൂർ ഗ്രാമപഞ്ചായത്ത് - 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

G.O.(Rt)No.600/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 23.11.2016 ലെ എം3 - 37545/2016 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.05.2023 ലെ ഡി.കെ.എസ്.എ /1042/പിറ്റി2/2023 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.11.2023 ലെ എൽ.എസ്.ജി.ഡി /പി ഡി/45975/2023-എ എം3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ 'കമ്പ്യൂട്ടർ പരിശീലനം (വനിത പൊതുവിഭാഗം)' എന്ന പ്രോജക്ടിൽ ഇ-വിദ്യ കോഴ്സിനു മാത്രം അക്രഡിറ്റേഷനുള്ള അക്ഷയകേന്ദ്രത്തിൽ, സർക്കാരിന്റെ അംഗീകാരമില്ലാത്ത കമ്പ്യൂട്ടർ പരിശീലന കോഴ്സിന് പ്ലാൻ ഫണ്ട് ചെലവഴിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ **50,600/-**രൂപ **2010-2011** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3-4** പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

**2.** ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വനിതകൾ വിദൂരസ്ഥലങ്ങളിൽ പോയി കമ്പ്യൂട്ടർ പരിശീലനം നേടുക എന്നത് പ്രയാസകരവും അവർക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതും ആയതിനാൽ പലരും കമ്പ്യൂട്ടർ പരിശീലനത്തിന് വിമുഖത കാട്ടുന്നതായും ഇക്കാരണത്താൽ ഇവർക്ക് സ്വകാര്യ മേഖലയിൽ ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്നും ഇതു പരിഹരിക്കുന്നതിനായി സർക്കാർ അംഗീകാരമുള്ള ഒരു ഏജൻസി എന്ന നിലയിലാണ് ഗ്രാമപഞ്ചായത്തിലെ അക്ഷയ കേന്ദ്രത്തിൽ വച്ച് പരിശീലനം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിയത് എന്നും ഗ്രാമപഞ്ചായത്ത് സദുദ്ദേശത്തോടെ കൂടിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത് എന്നും

അറിയിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 3-4 ന് സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാവക്കുന്നതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) അറിയിച്ചിട്ടുണ്ട്.

**3.** ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭകൾ തെരഞ്ഞെടുത്ത് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട വനിതകളുടെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തി അവരെ സ്വയം തൊഴിൽ പ്രാപ്തരാക്കുക എന്ന സദുദ്ദേശത്തോടെയാണ് ഗ്രാഫിക് ഡിസൈനിങ് ആൻഡ് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് ടാലി കോഴ്സ് പരിശീലനം നൽകിയതെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് യോഗ്യതയുള്ളതും സർക്കാർ അംഗീകാരം ഉള്ളതുമായ സ്ഥാപനമായ അക്ഷയ സെൻററിനെയാണ് പരിശീലനം നൽകാൻ ചുമതലപ്പെടുത്തിയതെന്നും പ്രസ്തുത സ്ഥാപനം കരാർ വെക്കുകയും പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർഥികളുടെ ഒപ്പ് രേഖപ്പെടുത്തിയ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പും കോഴ്സ് പൂർത്തീകരിച്ചത് സംബന്ധിച്ച് സർട്ടിഫിക്കറ്റ് പകർപ്പും സഹിതം പരിശീലന ഫണ്ടിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും പരാമർ ശം ( 3 ) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**4.** നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ വ്യക്തിപരമായി ബാദ്ധ്യത ചുമത്തേണ്ട വിധം പണാപഹരണമോ വ്യക്തി താൽപര്യങ്ങൾക്കുള്ള ചെലവോ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ലാത്തതിനാൽ ചേളന്നൂർ ഗ്രാമ പഞ്ചായത്തിന്റെ **2010-11** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4-ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പണാപഹരണമോ വ്യക്തി താൽപര്യങ്ങളോ പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടില്ലാത്തതിനാൽ വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ **2010-11**

വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം തടസ്സപ്പെടുത്തിയ 50,600/- രൂപയുടെ (അമ്പതിനായിരത്തി അറുനൂറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/369/2016-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 04-03-2025 14:16:02